# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4550 — 26.06.2014-ൽ മറുപടിയ്ക്ക്

## പരിഷ്കരിച്ച മാന്വലിൽ കരാറുകാരുടെ യോഗ്യത സംബന്ധിച്ച നിബന്ധനകൾ

| ചോദ്യം | മറുപടി |
|---|---|
| ഡോ.ടി.എം.തോമസ് ഐസക്<br>ശ്രീ. വി.ശിവൻകുട്ടി<br>,, കെ.രാധാകൃഷ്ണൻ<br>,, എളമരം കരീം | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഏതാണ്ട് പൂർത്തീകരിച്ചിരുന്ന പൊതുമരാമത്ത് മാന്വൽ പരിഷ്കരണത്തിൽ ഈ സർക്കാർ കാതലായ മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) 01.02.12-ലെ G.O.(P)No.13/2012/PWD പ്രകാരം പൊതുമരാമത്ത് മാന്വൽ കാലോചിതമായി പരിഷ്ക്കരിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) പൊതുമരാമത്തിന്റെ പരിഷ്കരിച്ച മാന്വൽ പ്രകാരം കരാറുകാരുടെ യോഗ്യത സംബന്ധിച്ച നിബന്ധനകൾ സങ്കീർണ്ണമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; | (ബി) പുതുക്കിയ പൊതുമരാമത്ത് മാന്വലിൽ കരാറുകാരുടെ രജിസ്ട്രേഷൻ നിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കുകയും പുതിയ വ്യവസ്ഥകൾ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട് എന്നല്ലാതെ നിബന്ധനകൾ സങ്കീർണ്ണമാക്കിയിട്ടില്ല. |
| (സി) ചെറുകിട കരാറുകാരെ ഇത് ഏത് തരത്തിൽ ബാധിക്കും എന്ന് പരിശോധിച്ചിട്ടുണ്ടോ ; ഇത്തരത്തിൽ പുതുതായി ഉത്തരവുകൾ ഏതെങ്കിലും പുറപ്പെടുവിച്ചിട്ടുണ്ടോ ; അറിയിക്കാമോ ? | (സി) പൊതുമരാമത്ത് മാന്വലിൽ ഉൾപ്പെട്ട യോഗ്യതാ നിബന്ധനകൾ ചെറുകിട കരാറുകാരെ ഏതെങ്കിലും തരത്തിൽ ദോഷകരമായി ബാധിച്ചതായി അറിവില്ല. എല്ലാ വിഭാഗത്തിലുമുള്ള കരാറുകാരുടെ സംഘടനകളുമായി ചർച്ച ചെയ്ത ശേഷമാണ് മാന്വൽ പരിഷ്കരണം നടത്തിയത്. |

സെക്ഷൻ ഓഫീസർ